# Malayala Manorma

# June 18 2018

# Muvattupuzha : Heavy rain, Dam Opening



## മലങ്കര ഡാമിന്റെ ഷട്ടർ തുറക്കാൻ സാധ്യത

മൂവാറ്റുപുഴ • കനത്തമഴയിൽ മലങ്കര ഡാമിൽ ജലനിരപ്പ് ഉയർന്നു. ഡാമിന്റെ ഷട്ടർ തുറക്കാൻ സാധ്യതയുള്ളതിനാൽ തൊടുപുഴയാറിന്റെയും മൂവാറ്റുപുഴയാറിന്റെ ഇരുകരയിലുമുള്ള ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പു നൽകി.

റവന്യു, പൊലീസ് വിഭാഗങ്ങൾക്കു കെഎസ്ഇബി അധികൃതർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. കഴിഞ്ഞ മേയ് 29നും ഡാമിന്റെ ഷട്ടർ തുറക്കുമെന്നു മുന്നറിയിപ്പു നൽകിയെങ്കിലും മഴയുടെ ശക്തി പിന്നീടു കുറഞ്ഞു. എന്നാൽ, കഴിഞ്ഞ ദിവസങ്ങളിൽ ശക്തമായ മഴ തുടർന്നതോടെ ഡാമിൽ ജലനിരപ്പ് ഉയർന്നിരിക്കുകയാണ്. 42 മീറ്ററാണു മലങ്കര ഡാമിന്റെ പൂർണ സംഭരണശേഷി. 41.30 മീറ്ററിൽ ജലനിരപ്പ് എത്തിയാൽ കാഞ്ഞാർ കോളനി പ്രദേശം വെള്ളത്തിനടിയിലാകും. ഇക്കാരണത്താൽ 40 മീറ്റർ ജലനിരപ്പെത്തിയാൽ ജാഗ്രതാ നിർദേശം പുറപ്പെടുവിക്കാറുണ്ട്.

നിലവിൽ ശക്തമായ മഴ പെയ്താൽ എപ്പോൾ വേണമെങ്കിലും ഷട്ടർ തുറന്നേക്കാമെന്നാണു മുന്നറിയിപ്പ്. കഴിഞ്ഞ വർഷവും ഇതേ കാലയളവിൽ മലങ്കര ഡാമിന്റെ ഷട്ടർ ഉയർത്തിയിരുന്നു. മൂവാറ്റുപുഴയാർ കരകവിയുകയും നഗരത്തിന്റെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലാകുകയും ചെയ്തിരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. ഫോൺ: 0485-2813773.